# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 194 18.12.2012 ലെ മറുപടിക്ക്

റോഡ് സുരക്ഷാ അതോറിറ്റി ആക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി :<br>ശ്രീ. എം.എ.ബേബി :<br>'' ബി. സത്യൻ :<br>ശ്രീ. കെ.സുരേഷ് കുറുപ്പ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റോഡ് സുരക്ഷാ അതോറിറ്റി ആക്ട് എന്നാണ് നിലവിൽ വന്ന തെന്നും അതനുസരിച്ച് പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ മുഴുവനായും പുറപ്പെടുവിച്ചോ എന്നും വ്യക്തമാക്കുമോ; | (എ) | 2007 ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 13.4.2007 ന് നിലവിൽ വന്നു. ടി ആക്ടനുസരിച്ച് പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ 26.12.2007 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ നിയമം നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | ടി നിയമത്തിൽ അധിഷ്ഠിതമായ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അതോറിറ്റി നടത്തി വരുന്നുണ്ട്.<br>കേരളാ റോഡ് സുരക്ഷാ അതോറിറ്റി നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ തുടർ പ്രക്രിയകളാണ്. റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക, റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക, റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക, ഫണ്ടിന്റെ നടത്തിപ്പ്, റോഡ് സുരക്ഷാ പദ്ധതികളും, പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക, റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണങ്ങളും |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് ചെലവ് അനുവദിക്കുക, ട്രോമ കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക, റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക, അതോറിറ്റിയുടെ നേതൃത്വത്തിൽ അപകടസ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക തുടങ്ങിയവയാണ് അതോറിറ്റിയുടെ ചുമതലകൾ. അതനുസരിച്ച് അപകട സാദ്ധ്യതാ മേഖലകളും അതീവ അപകട സാദ്ധ്യതാ മേഖലകളും കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുക, മാതൃകാ റോഡ് പദ്ധതി നടപ്പിലാക്കുക, റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക, സംഘടിപ്പിക്കുക, വിദ്യാർത്ഥികളുടെ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പരിപാടികൾ ട്രോമ കെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, മറ്റ് വകുപ്പുകളുമായി ചേർന്ന് വിവിധ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ അനേകം നടപടികൾ നിർവ്വഹിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ